## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുന്നണികളുടെ വിവരം

170(462) ശ്രീ. സി. റ്റി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ഓരോ സ്ഥാപനത്തിലും അധികാരത്തിൽ വന്ന പാർട്ടിയും, മുന്നണിയും ഏതാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനങ്ങളിൽ 2005-2010 കാലയളവിൽ ഏതൊക്കെ പാർട്ടിയാണ് അധികാരത്തിലുണ്ടായിരുന്നത് എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2010-ലെ പൊതുതെരഞ്ഞെടുപ്പിനെത്തുടർന്ന്, സംസ്ഥാനത്ത് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും അധികാരത്തിൽവന്ന പാർട്ടിയും മുന്നണിയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

## തെരുവുനായ്ക്കളെ നശിപ്പിക്കാൻ നടപടി

171(463) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തെരുവുനായ്ക്കളെ നശിപ്പിക്കുന്നതിന് ഇപ്പോൾ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ബി) ആലപ്പുഴ നഗരസഭയുടെ പരിധിക്കുള്ളിൽ തെരുവുനായ്ക്കളെ ഇല്ലായ്മ ചെയ്യാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിൽ ഏറ്റവും കൂടുതൽ തെരുവുനായ്ക്കളുള്ളത് ആലപ്പുഴ ജില്ലയിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനു ശാശ്വത പരിഹാരത്തിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. തെരുവുനായ്ക്കളെ കൊല്ലുന്നത് ബഹു. സുപ്രീംകോടതി അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യ ഫയൽ ചെയ്ത SLP(C) No. 691/2009-ാം നമ്പർ കേസിൽ തടഞ്ഞിരിക്കുകയാണ്. മൃഗങ്ങളോടുള്ള ക്രൂരതയും നായ്ക്കളെ കൊല്ലുന്നതും Prevention of Cruelty to Animal Act 1982 പ്രകാരവും ഭരണഘടന അനുസരിച്ചും ശിക്ഷാർഹമായ കുറ്റങ്ങളാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly